**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **05-07-2022 - ൽ മറുപടിയ്ക്ക്**

**പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണത്തിനായി എത്ര കോടി രൂപയാണ് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ; ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **പേഴുമ്പാറ സ്റ്റേഡിയം നിർമ്മാണത്തിനായി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | **പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിനായി നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് നിരവധി മരങ്ങൾ ഉള്ളതിനാൽ, മരങ്ങൾ മുറിച്ച് മാറ്റുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. മരം മുറിയ്ക്കുന്നതിനുള്ള അനുമതിയ്ക്കായി വടശ്ശേരിക്കര ഗ്രാമ പഞ്ചായത്ത് സോഷ്യൽ ഫോറസ്റ്ററി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുമതി ലഭ്യമായി സ്ഥലം കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതി, ലേഔട്ട്, ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ

9

(48)

File No.SYA-A3/282/2020-SYA

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

കായിക യുവജനകാര്യ വകുപ്പ്- 4202-03-102-94- Sports Infrastruclure faclitles (P) ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുവാൻ കായിക യുവജനകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

കായിക യുവജനകാര്യ (എ) വകുപ്പ്

G.O.(Rt) No.80/2021/S&YA തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 1 കായിക യുവജനകാര്യ ഡയറക്ടറുടെ 03/02/20210 തിയതിയിലെ ഇ3-583/21/കാ.യു.വ നം കത്ത്

## ഉത്തരവ്

പരാമർശ കത്ത് പ്രകാരം ഡിമാന്റ് XV ൽ ഉൾപ്പെടുന്ന '5054-80-800-66' എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന ചുവടെ പറഞ്ഞിരിക്കുന്ന 7 സ്റ്റേഡിയങ്ങളുടെ പ്രവർത്തികൾക്ക് ആവശ്യമായ തുക കായിക യുവജനകാര്യ വകുപ്പിന്റെ '4202-03-102-94- Sports Infrastructure faclitles (P) ' ശീർഷകത്തിൽ ( ഡിമാന്റ് XVII ) ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കായിക യുവജനകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കായിക യുവജനകാര്യ ഡയറക്ടറുടെ 4202-03-102-94- Sports Infrastructure facilties (P) ശീർഷകത്തിൽ നിന്നും തുക വിനിയോഗിച്ച് ചുവടെ ചേർക്കുന്ന 7 സ്റ്റേഡിയങ്ങളുടെ പ്രവൃത്തി നിർവഹിക്കാൻ കായിക ഡിറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1. | തളിയക്കോണം സ്റ്റേഡിയം നവീകരണം. | 1.00 |
| 2. | കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം. | 0.80 |
| 3. | ഭരണിക്കാവ് ഗവ.യു.പി. എസ് സ്റ്റേഡിയം | 1.00 |
| 4. | പേഴുംപാറ സ്റ്റേഡിയം | 2.00 |
| 5. | അയിരൂർ സ്റ്റേഡിയം | 1.00 |
| 6. | ജണ്ടായിക്കൽ സ്റ്റേഡിയം | 1.00 |
| 7. | പരുത്തിയൂർ സ്റ്റേഡിയം അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ | 2.00 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SARITHA.D.

JOINT SECRETARY

File No.SYA-A3/282/2020-SYA

ഡയറക്ടർ, കായിക യുവജനകാര്യാലയം, തിരുവനന്തപുരം.

ധനകാര്യ (ബി) വകുപ്പിന് Computer No; 16698631, File No EDN-B1/59/2021-FIN.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ